**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1395** **14-03-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി യൂണിയനുകളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ തൊഴിലാളി യൂണിയനുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിനായി ജില്ലാ ലേബർ ഓഫീസിൽ അപേക്ഷിക്കുമ്പോൾ സംസ്ഥാനത്തെ എല്ലാ ഡി.എൽ.ഒ. ഓഫീസുകളുടെയും അഭിപ്രായം തേടുന്നത് മൂലമുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷനായി അപേക്ഷ ലഭിക്കുമ്പോൾ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനും, ട്രേഡ് യൂണിയന്റെ പേരിനോട് തുല്യതയുള്ളതോ സാമ്യമുള്ളതോ ആയ പേരിൽ മറ്റൊരു ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ നൽകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും എല്ലാ ജില്ലാ ലേബർ ഓഫീസുകളിലേയും ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ നൽകുന്ന Form C രജിസ്റ്റർ പരിശോധിക്കുന്നതിനായാണ് എല്ലാ ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും അഭിപ്രായം ആരായുന്നത്. ഇത്തരത്തിൽ എല്ലാ ജില്ലയിൽ നിന്നും അഭിപ്രായം ആരായുന്നെങ്കിലും കാലതാമസം ഒഴിവാക്കുന്നതിന് പരമാവധി ശ്രമിക്കുന്നുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലാ ലേബർ ഓഫീസിൽ തൊഴിലാളി യൂണിയനുകളുടെ രജിസ്ട്രേഷന് അപേക്ഷ നൽകിയാൽ നടപടി പൂർത്തിയാക്കി രജിസ്ട്രേഷൻ നൽകുന്നതിന് നിലവിൽ എത്ര സമയം എടുക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | 2012-ലെ സേവനാവകാശ നിയമ പ്രകാരം ട്രേഡ് യൂണിയൻ രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചാൽ പരമാവധി 60 ദിവസത്തിനുള്ളിൽ അപേക്ഷകൾ തീർപ്പാക്കേണ്ടതാണ്. അപേക്ഷയിൽ അപാകതകൾ കാണുന്ന പക്ഷം ആയത് പരിഹരിച്ച് കിട്ടുന്നതിന് കാലതാമസ്സം നേരിടാറുണ്ട്. എന്നാൽ അപാകതകൾ പരിഹരിച്ച അപേക്ഷകളിൽ ആലപ്പുഴ ജില്ലയിൽ 3 ദിവസത്തിനുള്ളിൽ തന്നെ രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. |
| (സി) | തൊഴിലാളി യൂണിയനുകളുടെ രജിസ്ട്രേഷൻ നടപടികൾക്കായി സംസ്ഥാനതലത്തിൽ തന്നെ സമയക്രമം നിശ്ചയിക്കുവാനും കുറ്റമറ്റ രീതിയിൽ ഈ സംവിധാനം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | 2012-ലെ സേവനാവകാശ നിയമ പ്രകാരം ട്രേഡ് യൂണിയൻ രജിസ്ട്രേനേഷനുള്ള അപേക്ഷ ലഭിച്ചാൽ പരമാവധി 60 ദിവസത്തിനുള്ളിൽ അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കണമെന്നാണ്നിയമത്തിൽ വ്യവസ്ഥയുള്ളത്. 1926-ലെ ട്രേഡ് യൂണിയൻ നിയമപ്രകാരം അപേക്ഷയിന്മേൽ, ടി നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ടോ എന്ന് ചെക്ക് ലിസ്റ്റ് സഹിതം പരിശോധിച്ച് അപാകതയുണ്ടെങ്കിൽ ആയത് പരിഹരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ എല്ലാ |

| | | | |
|---|---|---|---|
| | | | ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലേബർ കമ്മീഷണർ ഓട്ടോമേഷൻ സിസ്റ്റത്തിൽ ട്രേഡ് യൂണിയൻ ഡ്യൂപ്ലിക്കേഷൻ ചെക്ക് ചെയ്യാനുള്ള സംവിധാനം ഉൾപ്പെടുത്തി ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും റിപ്പോർട്ട് വാങ്ങുന്ന നടപടി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ